(ബി) പ്രസ്തുത ഗെയിംസിൽ കായിക താരങ്ങൾ ഉപയോഗിച്ച സ്പോർട്സ് ഉപകരണങ്ങൾക്ക് അവയുടെ യഥാർത്ഥ വിലയേക്കാൾ കൂടുതൽ വാടക നൽകി എന്നാര് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ഗെയിംസിനായി സ്പോർട്സ് ഉപകരണങ്ങൾ വാടകയ്ക്ക് വാങ്ങാനിടയായ കാരണങ്ങൾ വ്യക്തമാക്കാമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) മൂന്നിയഞ്ചാമത് ദേശീയ ഗെയിംസിന്റെ 15-3-2008 മുതൽ 31-3-2015 വരെയുള്ള വരവ്-ചെലവ് കണക്കുകളിന്മേലുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി&സി) കായിക താരങ്ങൾ മത്സരങ്ങൾക്കായി ഉപയോഗിക്കുന്ന സ്പോർട്സ് ഉപകരണങ്ങൾ വിലയ്ക്കുവാങ്ങുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ അന്തർദേശീയ/ദേശീയ ടെൻഡറുകൾ ക്ഷണിച്ചിട്ടും ലഭിക്കാതിരുന്ന അപൂർവ്വം ചില കായിക ഉപകരണങ്ങൾ നാഷണൽ ഗെയിംസിന്റെ നടത്തിപ്പിനായി ബന്ധപ്പെട്ട നാഷണൽ ഫെഡറേഷൻ/സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തിരം സൗജന്യമായി ലഭ്യമാക്കിയിരുന്നു (കബഡിമാറ്റ്, ചില അത്‌ലറ്റിക്സ് ഉപകരണങ്ങൾ മുതലായവ). വാടക നൽകി ഉപകരണങ്ങളൊന്നും ഉപയോഗപ്പെടുത്തിയിട്ടില്ല

മോട്ടോർ വാഹനങ്ങളിലെ ഹോണിന്റെ ശബ്ദപരിധി

13 (*12) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മോട്ടോർ വാഹനങ്ങളിലെ ഹോണിന്റെ ശബ്ദപരിധി പരിശോധിക്കാൻ മോട്ടോർ വാഹന വകുപ്പിൽ നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ ;

(ബി) ശബ്ദപരിധി ലംഘിക്കുന്ന വാഹനങ്ങളെക്കുറിച്ച് പൊതുജനങ്ങൾ നൽകുന്ന പരാതി സ്വീകരിച്ച്, ആ വാഹനത്തിലെ ഹോണിന്റെ ശബ്ദപരിധി പരിശോധിച്ച് നിയമാനുസൃത നടപടി സ്വീകരിയ്ക്കുന്നതിനും പരാതിക്കാരന് സമയബന്ധിതമായ മറുപടി നൽകുന്നതിനുള്ള സംവിധാനം ഓരോ ജില്ലയിലും മോട്ടോർ വാഹന വകുപ്പിന് കീഴിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഹോണിന്റെ ശബ്ദപരിധി ഉൾപ്പെടെയുള്ള നിയമ ലംഘനങ്ങൾ പരിശോധിക്കുന്നതിനായി 18 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ കീഴിൽ ഓരോ എൻഫോഴ്സ്മെന്റ് വിംഗ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ നിയമങ്ങളും ചട്ടങ്ങളും കർശനമായി നടപ്പിൽ വരുത്തുന്നതിന് നാല് മേഖലകളിൽ ഓരോ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ വീതം പ്രവർത്തിക്കുന്നുണ്ട്. മേൽപ്പറഞ്ഞത് കൂടാതെ ഓരോ മേഖലാതല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ കീഴിൽ ഓരോ എൻഫോഴ്സ്മെന്റ് സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. മാത്രമല്ല ട്രാൻസ്പോർട്ട് കമ്മീഷണറുടെ കീഴിലും ഒരു സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്.

(ബി) പൊതുജനങ്ങൾ നൽകുന്ന പരാതി സ്വീകരിച്ച് വാഹനത്തിന്റെ ഹോണിന്റെ പരിധി പരിശോധിച്ച് നിയമാനുസൃത നടപടി സ്വീകരിക്കുന്നതിനായി ഓരോ ജില്ലയിലും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസും അതിനുകീഴിലായി വിവിധ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്. ഈ ഓഫീസുകളിലെല്ലാം പരാതികളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഇതിൽ സംവിധാനം ആവശ്യമുള്ളതായി കരുതുന്നില്ല. ട്രാൻസ്പോർട്ട് വാഹനങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുവാനായി ഹാജരാക്കുന്ന സമയത്തും സാധാരണ വാഹന പരിശോധന സമയത്തും അമിത ശബ്ദമുണ്ടാക്കുന്ന ഹോൺ ഘടിപ്പിച്ചിരിക്കുന്ന വാഹനങ്ങളിൽ നിന്നും അവ നീക്കം ചെയ്യാറുണ്ട്.

ആറന്മുള വിമാനത്താവള പദ്ധതികൾ

14 (*13) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ആറന്മുള വിമാനത്താവള പദ്ധതിക്കായി വീണ്ടും പാരിസ്ഥിതിക പഠനം നടത്താൻ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിനു കീഴിലുള്ള വിദഗ്ധ സമിതി അനുമതി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പദ്ധതി സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിനോട് എന്തെങ്കിലും വിവരങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആവശ്യപ്പെട്ട വിവരങ്ങൾ, അതിന് നൽകിയ മറുപടി എന്നിവ വ്യക്തമാക്കുമോ ;

(സി) പദ്ധതിയിൽ സംസ്ഥാന സർക്കാർ ഓഹരിയെടുത്തിട്ടുണ്ടോ ; എങ്കിൽ എത്ര ശതമാനം ഓഹരിയാണ് എടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly